# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം ന മ്പർ: 437      19.03.2013 ൽ മറുപടിക്ക്

**റയിൽവേ ബജറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>" എസ്. രാജേന്ദ്രൻ:<br>" വി. ചെന്താമരാക്ഷൻ:<br>" കെ. സുരേഷ് കുറുപ്പ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റയിൽവേ ബജറ്റിൽ സംസ്ഥാനം മുന്നോട്ട് വച്ച ആവശ്യങ്ങൾ പൂർണ്ണമായും നിരാകരിക്കപ്പെട്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | അത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ തുടങ്ങുന്നതിന് മുമ്പായി സമർപ്പിച്ചിരുന്നുവോ; | (ബി) | സമർപ്പിച്ചിരുന്നു. |
| (സി) | സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ റയിൽവേ ബജറ്റിനു മുമ്പായി നൽകിയിട്ടുണ്ടായിരുന്നോ; അവർ കേരളത്തിനുവേണ്ടി പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്തിട്ടുള്ളതായി അറിയാമോ; | (സി) | നൽകിയിരുന്നു. |
| (ഡി) | പുതിയ ലൈനുകൾ, പുതിയ സർവ്വേകൾ, ഗേജ്മാറ്റം, റയിൽവേ ലൈൻ വൈദ്യുതീകരണം, പുതിയ പാത ഇരട്ടിപ്പിക്കൽ പുതിയ റയിൽവേ വ്യവസായം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിനായി എന്തെങ്കിലും പ്രഖ്യാപനം ബജറ്റ് പ്രസംഗത്തിലുണ്ടായിട്ടുണ്ടോ; | (ഡി) | 2013-14 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 റയിൽ ബഡ്ജറ്റിൽ താഴെപ്പറയുന്ന ട്രെയിനുകളാണ് അനുവദിച്ചത്.<br>i. ലോകമാന്യതിലക് - കൊച്ചുവേളി എക്സ്പ്രസ് (ദ്വൈവാരം);<br>ii. വിശാഖപട്ടണം - കൊല്ലം വീക്ക്ലി എക്സ്പ്രസ്;<br>iii. പുനലൂർ - കൊല്ലം പ്രതിദിന പാസഞ്ചർ;<br>iv. ഷൊർണൂർ - കോഴിക്കോട് പ്രതിദിന പാസഞ്ചർ;<br>v. തൃശ്ശൂർ - ഗുരുവായൂർ പ്രതിദിന പാസഞ്ചർ;<br>vi. മധുര - കൊല്ലം പാസഞ്ചർ പുനലൂർ വരെയായി നീട്ടും;<br>vii. എറണാകുളം - തൃശ്ശൂർ മെമു പാലക്കാട് വരെയായി നീട്ടും;<br>viii. കൊല്ലം - നാഗർഗോവിൽ മെമു കന്യാകുമാരി വരെ നീട്ടും; |

| | | | |
|---|---|---|---|
| | | | ix. കൊച്ചുവേളി ചണ്ഡീഗഡ് എക്സ്പ്രസ് ദ്വൈവാരമാക്കി.<br><br>കൂടാതെ, പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന്, സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് എത്രയും വേഗം ഫാക്ടറി പ്രവർത്തനക്ഷമമാക്കുമെന്ന് പ്രതീക്ഷിക്കുന്നതായും, കൊല്ലത്ത് സ്കിൽ ഡവലപ്മെന്റ് സെന്റർ, ഷൊർണൂർ - മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ, 2012-13 ൽ ഇടമൺ - പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും, ഷൊർണൂർ - എലത്തൂർ വൈദ്യുതീകരണം 2012-13 ൽ പൂർത്തിയാക്കും, ചെങ്ങന്നൂർ - തിരുവല്ല, മുളന്തുരുത്തി-പിറവം, പിറവം റോഡ് - കുറുപ്പന്തറ എന്നീ ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14 ൽ പൂർത്തിയാക്കും തുടങ്ങിയവയാണ് 2013-14 ലെ മറ്റ് പ്രഖ്യാപനങ്ങൾ. |
| (ഇ) | മുൻ ബജറ്റ് പ്രഖ്യാപനങ്ങളിൽ ഇനിയും നടപ്പിലാക്കാനുള്ളവ ഏതൊക്കെ; ഇവ നടപ്പിലാക്കാനാവശ്യമായ ഫണ്ട് പുതിയ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ? | (ഇ) | 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രഖ്യാപനങ്ങളും അവയുടെ 2013 ജനുവരി മാസത്തെ സ്ഥിതിയും അനുബന്ധമായി വച്ചിരിക്കുന്നു. 2013-14ൽ പുതിയ ലൈനുകൾക്കായി 12 കോടി രൂപയും ഗേജ് മാറ്റത്തിനായി 20 കോടി രൂപയും പാതഇരട്ടിപ്പിക്കലിനായി 82.5 കോടി രൂപയും ROB/RUBകൾക്ക് 20.56 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്